**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ് - ഓടയം ഓരുജല മത്സ്യക്കുഞ്ഞ് ഉത് പാദനകേന്ദ്രം നിർമ്മാണം- CIBA (സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബ്രാക്കിഷ് വാട്ടർ അക്വാകൾച്ചർ)യുടെ സാങ്കേതിക സഹായത്തിനായി ഫണ്ട് അനുവദിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

**സ.ഉ.(സാധാ) നം.972/2018/മ.ഉ.വ** തീയതി,തിരുവനന്തപുരം, 12/12/2018

---

പരാമർശം:- 1 സ.ഉ(സാധാ) നം.284/17/മഉവ തീയതി 03/04/2017

2 ഫിഷറീസ് ഡയറക്ടറുടെ 25.04.2018, 06.07.2018 തീയതികളിലെ സി2/6076/17 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ഓടയത്ത് ഓരുജല മത്സ്യക്കുഞ്ഞ് ഉത് പാദനകേന്ദ്രം സ്ഥാപിക്കുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. ഓരുജല മത്സ്യക്കുഞ്ഞ് ഉത് പാദനവുമായി ബന്ധപ്പെട്ട സാങ്കേതിക വിദ്യ CIBA (സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബ്രാക്കിഷ് വാട്ടർ അക്വാകൾച്ചർ) വികസിപ്പിച്ചതിനാലും, സംസ്ഥാനത്ത് ഇത്തരമൊരു ഹാച്ചറി ആദ്യ സംരംഭമായതിനാലും, CIBAയുടെ സാങ്കേതിക സഹായം ആവശ്യമാണെന്നും, ഭരണാനുമതിയിൽ കൺസൾട്ടൻസി ഇനത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ, CIBA യുടെ സാങ്കേതിക സഹായത്തിനായി നടപ്പ സാമ്പത്തിക വർഷത്തെ 2405-00-101-87-34 -ഒ.സി.(പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും അഞ്ച് ലക്ഷം രൂപയും സർവീസ് ടാക്സും അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്നും ഫിഷറീസ് ഡയറക്ടർ പരാമർശം (2) പ്രകാരം അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഓടയം ഓരുജല മത്സ്യക്കുഞ്ഞ് ഉത് പാദനകേന്ദ്രം നിർമ്മാണവുമായി ബന്ധപ്പെട്ട് CIBA യുടെ സാങ്കേതിക സഹായത്തിനായി നടപ്പ സാമ്പത്തിക വർഷത്തെ 2405-00-101-87-34- ഒ.സി (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും അഞ്ച് ലക്ഷം രൂപയും സർവീസ് ടാക്സും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഗിരിജ കുമാരി.ജി**

**ജോയിന്റ് സെക്രട്ടറി**

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, (എ & ഇ) കേരളം, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (Vide UO No. 911452 Dev-2/227/2018-Fin തീയതി 24.11.2018)

ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ, I&PRD

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ